ടാങ്കർ ലോറിയിൽ കഞ്ചാവ് കടത്തൽ രണ്ട് പേർ കൂടി പിടിയിൽ. വിഷു ദിനത്തിൽ പെരുമ്പാവൂർ ഇരവിച്ചിറയിൽ വച്ച് കഞ്ചാവ് പിടികൂടിയതുമായി ബന്ധപ്പെട്ട് തോപ്പുംപടി ചുള്ളിക്കൽ കൊച്ചങ്ങാടി കോളനിയിൽ ഇപ്പോൾ മട്ടാഞ്ചേരി മരക്കടവ് ഭാഗത്ത് വാടകക്ക് താമസിക്കുന്ന ആഷിക് (32), കരിമാലൂർ തട്ടാംപടി പുതുക്കാട് ഭാഗത്ത് വലിയ പറമ്പിൽ വീട്ടിൽ ഹാരിസ് (32) എന്നിവരെയാണ് പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. ഒറീസയിൽ നിന്ന് കഞ്ചാവ് എത്തിക്കുന്നതിന് സൗകര്യമൊരുക്കുയും പണം സംഘടിപ്പിച്ചു കൊടുക്കുകയും ചെയ്തവരാണിവർ . ടാങ്കർ ലോറിയിൽ ഒളിപ്പിച്ചു കടത്തുകയയായിരുന്ന ഇരുന്നുറ്റിയമ്പതു കിലോയോളം കഞ്ചാവാണ് പിടികൂടിയിരുന്നത്. വാഹന ഡ്രൈവർ സെൽവകുമാറിനെ അന്ന് തന്നെ അറസ്റ്റ് ചെയ്തിരുന്നു.